**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 877** **14-01-2021 - ൽ മറുപടിയ്ക്ക്**

**ചിറ്റാറിലെ കസ്റ്റഡി മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. അൻവർ സാദത്ത് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിലിരിക്കെ ചിറ്റാറിലെ യുവകർഷകനായ മത്തായി ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞിട്ടുണ്ടോ; | (എ) | വനം കുറ്റകൃതവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്ത് തെളിവു ശേഖരണത്തിന്റെ നടപടിക്രമത്തിനിടെ പി.പി.മത്തായി എന്ന പ്രതി കിണറ്റിൽ ചാടി മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏത് കുറ്റത്തിന്റെ അടിസ്ഥാനത്തിലാണ് മത്തായിയെ വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്തതെന്ന് വ്യക്തമാക്കാമോ; | (ബി) | അനധികൃതമായി സർക്കാർ റിസർവ്വിൽ നായാട്ടു നടത്തുന്നതിനായി പ്രവേശിക്കുകയും ടൈഗർ സെൻസസിനായി സ്ഥാപിച്ച ക്യാമറ ട്രാപ്പ് തകർക്കുകയും ചെയ്തു എന്ന കുറ്റകൃത്യവു മായി ബന്ധപ്പെട്ട് ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത ഒ.ആർ.6/2020 നമ്പർ കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി ട്ടാണ് മത്തായിയെ കസ്റ്റഡിയിലെടുത്തത്. |
| (സി) | അദ്ദേഹത്തെ വനം വകുപ്പ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുക്കുന്നതിന് മുമ്പ് അദ്ദേഹം ചെയ്തതായി പറയപ്പെടുന്ന കുറ്റത്തിന് കേസ് ചാർജ്ജ് ചെയ്തിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (സി) | പി.പി.മത്തായിയെ കസ്റ്റഡിയിൽ എടുത്ത് മഹസ്സറർ തയ്യാറാക്കിയിരുന്നു. ടി കുറ്റകൃത്യവുമായി ബന്ധപ്പെട്ട് തയാറാക്കിയ മഹസ്സർ 28.07.2020-ന് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട് . ടി കേസിന്റെ അന്വേഷണം പൂർത്തിയാകാത്തതിനാൽ ചാർജ്ജ് ചെയ്തിട്ടില്ല. |
| (ഡി) | കസ്റ്റഡിയിലെടുത്ത മത്തായിയുടെ അറസ്റ്റ് രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ എന്നാണ് അറസ്റ്റ് രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇല്ല. കേസിന്റെ തെളിവ് ശേഖരണവുമായി ബന്ധപ്പെട്ട നടപടിക്രമത്തിനിടയിലാണ് ടിയാൻ കിണറ്റിൽ ചാടി മരണപ്പെട്ടത്. |
| (ഇ) | മത്തായിയുടെ മരണശേഷം ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിലെ ജനറൽ ഡയറി കടത്തികൊണ്ട് പോയി വനം വകുപ്പ് ഉദ്യോഗസ്ഥർ കൃത്രിമം കാണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ഇ) | പി.പി.മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ ചിറ്റാർ ഫോറസ്റ്റ് സ്റ്റേഷനിലെ ജനറൽ ഡയറി കടത്തിക്കൊണ്ട് പോയതായോ, കൃത്രിമം കാണിച്ചതായോ കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | കുറ്റക്കാരായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളാണ് അവർക്കെതിരെ ചുമത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | പി.പി.മത്തായിയുടെ മരണവുമായി ബന്ധപ്പെട്ട് ചിറ്റാർ പോലീസ് സ്റ്റേഷനിൽ 28.07.2020-ൽ ക്രൈം നമ്പർ 685/2020 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ് സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുള്ളതും അന്വേഷണം നടന്നു വരുന്നതുമാണ്. കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥരെ 03.08.2020-ൽ സസ്പെന്റ് ചെയ്ത് അവർക്കെതിരെ വകുപ്പുതലത്തിൽ കഠിനശിക്ഷയുള്ള അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ